**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1845** **29-07-2021 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ ട്രഷറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ ട്രഷറികൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കണമെന്ന വിഷയത്തിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളറിയിക്കുമോ; | (എ) | കോട്ടക്കൽ, വളാഞ്ചേരി സബ്ട്രഷറികൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. വളാഞ്ചേരി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതുമായ 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന് വിട്ടുനൽകുന്നത് സംബന്ധിച്ച ശിപാർശ ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. കോട്ടക്കൽ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഇതുവരെ സ്ഥലമൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | സ്ഥലം ലഭ്യമാക്കുന്ന വിഷയത്തിൽ പൊതുമരാമത്ത് / റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; | (ബി) | കോട്ടക്കൽ, വളാഞ്ചേരി സബ്ട്രഷറികൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. വളാഞ്ചേരി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതുമായ 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന് വിട്ടുനൽകുന്നത് സംബന്ധിച്ച ശിപാർശ ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. കോട്ടക്കൽ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഇതുവരെ സ്ഥലമൊന്നും ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ട്രഷറി ഡയറക്ടറേറ്റിലെ മുഴുവൻ ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ? | (സി) | പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ - മാതൃഭാഷ

നം. TRY/12744/2019-A(TIDP) II

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 01/11/2019

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സർ,

വിഷയം: ട്രഷറി വകുപ്പ്-ട്രഷറികൾക്കു പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്-സ്ഥലം ലഭ്യമാക്കുന്നതിനുള്ള ഫയലുകൾ തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ ഓഫീസുകളിൽ പരിഗണനയിലിരിക്കുന്നത് - സംബന്ധിച്ച്.

വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു . സർക്കാരിൻറെ സാമ്പത്തിക ഇടപാടുകളിൽ പൊതു ജനങ്ങളുമായി ഏറ്റവും അടുത്ത് ഇടപഴകുന്ന വകുപ്പാണ് ട്രഷറി വകുപ്പ്. സംയോജിത ധനകാര്യ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കിയതു വഴി ട്രഷറികളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും സേവനങ്ങൾ വേഗത്തിൽ പ്രദാനം ചെയ്യാൻ കഴിയുന്ന തരത്തിലും രൂപാന്തരപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് . ഇത് സർക്കാരിന്റെ അഭിനന്ദനത്തിന് വിധേയമായിട്ടുള്ളതാണ്. ധനകാര്യ വകുപ്പിന്റെ മുഖമായി മാറിക്കൊണ്ടിരിക്കുന്ന, സംസ്ഥാനത്തുടനീളമുള്ള ട്രഷറികളെ നവീകരിച്ച് ആധുനിക ബാങ്കിംഗ് സംവിധാനങ്ങളോട് കിടപിടിക്കുന്ന നിലയിലേക്ക് ഉയർത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആയതിലേക്ക് അത്യാധുനിക ഇലക്ട്രോണിക്, നെറ്റ്വർക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനോടൊപ്പം തന്നെ ട്രഷറികളിലെ ഭൗതിക സാഹചര്യങ്ങളും അടിയന്തിരമായി മെച്ചപ്പെടുത്തേണ്ടതുണ്ട്.

നിലവിലെ ട്രഷറികളുടെ മുഖച്ഛായ മാറ്റുന്ന തരത്തിലുള്ള മൂന്ന് വിഭാഗങ്ങളായിട്ടുള്ള വികസന പ്രവർത്തനങ്ങളാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ***അതിൽ വാടക കെട്ടിടങ്ങളിൽ പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിച്ച വരുന്ന ട്രഷറികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി ആധുനിക സംവിധാനങ്ങളോട് കൂടിയ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക എന്നതാണ് പ്രധാനപ്പെട്ടതും പ്രയാസമേറിയതുമായ ദൗത്യം.*** വകുപ്പിന്റെ ഭഗീരഥ പ്രയത്നത്തിന്റെ ഭാഗമായി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 79 ട്രഷറികളിൽ 30

ട്രഷറികളുടെ നിർമ്മാണ പ്രവർത്തികൾ സ്വന്തം സ്ഥലത്തും സിവിൽ സ്റ്റേഷനുകളിലുമായി പുരോഗമിക്കുകയാണ്. കൂടാതെ 25-ഓളം ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുടെ പരിഗണനയിൽ ഉള്ളതും ആയത് പുരോഗമിച്ചു വരികയും ചെയ്യുന്നു.

സംസ്ഥാനത്തെ ട്രഷറികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ നല്ലൊരു ശതമാനം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ പരിഗണനയിലാണ്. പ്രസ്തുത ഓഫീസുകളിൽ ഇത്തരം ഫയലുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചുണ്ടാകുന്ന ഏതൊരു കാലതാമസവും വകുപ്പിന്റെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ പരിഗണനയിലുള്ള ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പുതിയ കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭിക്കേണ്ടുന്ന ട്രഷറിയുടെ പേര് | ഫയൽ നമ്പർ | സ്ഥല കൈമാറ്റവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ പരിഗണനയിലുള്ള ഓഫീസ് |
|---|---|---|---|
| 1 | സബ് ട്രഷറി പൈനാവ് (ഇടുക്കി ജില്ല) | RC1/90/2019 (3124164/2018/LSGD/OS) | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 2 | സബ് ട്രഷറി ആലക്കോട് (കണ്ണൂർ ജില്ല) | RC1/146/2019 (3613292/2019/LSGD(OS) | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 3 | സബ് ട്രഷറി ചടയമംഗലം (കൊല്ലം ജില്ല) | RC1/130/2019 (3568203/2019/LSGD(OS)) | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 4 | സബ് ട്രഷറി കടക്കാവൂർ (തിരുവനന്തപുരം ജില്ല) | C2/4903/19 dtd 02.07.2019 from DD, Panchayath,Tvpm | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 5 | സബ് ട്രഷറി കുരാച്ചുണ്ട് (കോഴിക്കോട് ജില്ല) | | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോഴിക്കോട് |
| 6 | സബ് ട്രഷറി, കൊളച്ചേരി (കണ്ണൂർ ജില്ല) | | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കണ്ണൂർ |
| 7 | സബ് ട്രഷറി, വേങ്ങര (മലപ്പുറം ജില്ല) | | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, മലപ്പുറം |
| 8 | സബ് ട്രഷറി വിതുര (തിരുവനന്തപുരം ജില്ല) | Lr. No 22608/18/C2 | Secretariat LSGD / RC1 |
| 9 | പെൻഷൻ പേമെന്റ് സബ് ട്രഷറി തലശ്ശേരി ((കണ്ണൂർ ജില്ല) | Rc1/136/2019 (3406294/2019/LSGD/OS) | നഗരകാര്യ ഡയറക്ടറേറ്റ് |
| 10 | സബ് ട്രഷറി തിരുവല്ല | | നഗരകാര്യ ഡയറക്ടറേറ്റ് |

| | | | |
|---|---|---|---|
| | (പത്തനംതിട്ട ജില്ല) | | |
| 11 | സബ് ട്രഷറി, വാണ്ടൂർ (മലപ്പുറം ജില്ല) | | ഗ്രാമ വികസന കമ്മിഷണറേറ്റ് |
| 12 | സബ് ട്രഷറി, വളാഞ്ചേരി (മലപ്പുറം ജില്ല) | | ഗ്രാമ വികസന കമ്മിഷണറേറ്റ് |

സ്ഥലം ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട് മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ഓഫീസുകളിൽ വകുപ്പ് നിരന്തരം ബന്ധപ്പെട്ടുന്നുണ്ട് എങ്കിലും കാര്യമായ വേഗത്തിൽ ഫയലുകൾ തീർപ്പായി കിട്ടുന്നില്ല . ഈ അവസരത്തിൽ ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുമായി ഒരു അവലോകന യോഗം ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ നടത്തുകയാണെങ്കിൽ വകുപ്പിന് പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തികളിൽ വേഗത്തിലാക്കുവാൻ സാധിക്കുന്നതായിരിക്കും . ആയതിനാൽ ഈ വിഷയം അടിയന്തിര പ്രാധാന്യത്തിൽ ഉൾപ്പെടുത്തി പ്രസ്തുത യോഗത്തിനുള്ള അനുവാദം നേടിത്തരുവാൻ താഴ്മയായി അപേക്ഷിക്കുന്നു .

വിശ്വസ്തതയോടെ

A M JAFAR
DIRECTOR

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email: keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229

Delivered by The Director.

ഭരണഭാഷ - മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 04/11/2019

നം. TRY/12744/2019-A(TIDP) II

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

1. പഞ്ചായത്ത് ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടറേറ്റ്
തിരുവനന്തപുരം

2. നഗരകാര്യ ഡയറക്ടർ
നഗരകാര്യ ഡയറക്ടറേറ്റ്
തിരുവനന്തപുരം

3. ഗ്രാമവികസന കമ്മീഷണർ
ഗ്രാമവികസന കമ്മീഷണറേറ്റ്
തിരുവനന്തപുരം

സർ,

വിഷയം: ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി - 07.11.2019-ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, ബഹു. ധനകാര്യ വകുപ്പ് മന്ത്രി എന്നിവരുടെ ഒരു സംയുക്ത അവലോകന യോഗം കൂടുന്നതിന് തീരുമാനിച്ച വിവരം - സംബന്ധിച്ച്

വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിലവിൽ വാടക കെട്ടിടങ്ങളിൽ പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിച്ചു വരുന്ന ട്രഷറികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രയത്നത്തിലാണ് വകുപ്പ് ഇപ്പോൾ. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 79 ട്രഷറികളിൽ 30 ട്രഷറികളുടെ നിർമ്മാണ പ്രവർത്തികൾ സ്വന്തം സ്ഥലത്തും സിവിൽ സ്റ്റേഷനുകളിലുമായി പുരോഗമിക്കുകയാണ്. കൂടാതെ 25-ലേറെ ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുടെ പരിഗണനയിലുള്ളതും ആയത് പുരോഗമിച്ചു വരികയും ചെയ്യുന്നു.

സംസ്ഥാനത്തെ ട്രഷറികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം

ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ നല്ലൊരു ശതമാനം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ പരിഗണനയിലാണ് . ഈ ഫയലുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബഹു. ധനകാര്യവകുപ്പ് മന്ത്രി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുമായി ഒരു അടിയന്തിര യോഗം **07.11.2019** 3PM-ന് ബഹു. **ധനകാര്യ വകുപ്പ് മന്ത്രിയുടെ നിയമസഭാ ചേമ്പറിൽ** കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ മുനിസിപ്പാലിറ്റി , പഞ്ചായത്തു , ബ്ലോക്ക് എന്നീ ഓഫീസുകളിൽ നിലവിൽ പരിഗണയിൽ ഇരിക്കുന്ന ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന (ANNEXURE--1) ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ ആണ് ചർച്ച ചെയ്യപ്പെടുന്നത് . ആയതിനാൽ പ്രസ്തുത ഫയലുകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സഹിതം, അങ്ങ് പ്രസ്തുത യോഗത്തിൽ പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നു .

വിശ്വസ്തതയോടെ

Signature valid
Digitally signed by
JA[illegible] A[illegible] JAFAR
Date[illegible].11.04
14:40:[illegible] DIRECTOR
Reason: Approved

Copy to

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ANNEXURE -1

| ക്രമ നമ്പർ | പുതിയ കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭിക്കേണ്ടുന്ന ട്രഷറിയുടെ പേര് | ഫയൽ നമ്പർ | സ്ഥല കൈമാറ്റവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ പരിഗണനയിലുള്ള ഓഫീസ് |
|---|---|---|---|
| 1 | സബ് ട്രഷറി പൈനാവ് (ഇടുക്കി ജില്ല) | RC1/90/2019 (3124164/2018/LSGD/OS) | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 2 | സബ് ട്രഷറി ആലക്കോട് (കണ്ണൂർ ജില്ല) | RC1/146/2019 (3613292/2019/LSGD(OS) | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 3 | സബ് ട്രഷറി ചടയമംഗലം (കൊല്ലം ജില്ല) | RC1/130/2019 (3568203/2019/LSGD(OS)) | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 4 | സബ് ട്രഷറി കടക്കാവൂർ (തിരുവനന്തപുരം ജില്ല) | C2/4903/19 dtd 02.07.2019 from DD, Panchayath,Tvpm | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 5 | സബ് ട്രഷറി പൂച്ചാക്കൽ (ആലപ്പുഴ ജില്ല) | D10/525/2016 dtd 30.05.2018 from DD Alappuzha | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 6 | സബ് ട്രഷറി കുരാച്ചുണ്ട് (കോഴിക്കോട് ജില്ല) | DDP-KKD/1907/2019-AS | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോഴിക്കോട് |
| 7 | സബ് ട്രഷറി, വേങ്ങര (മലപ്പുറം ജില്ല) | A1/5193/2018 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, മലപ്പുറം |
| 8 | സബ് ട്രഷറി വിഴിഞ്ഞ (തിരുവനന്തപുരം ജില്ല) | LR.22608/18/C2 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 9 | പെൻഷൻ പേമെൻറ് സബ് ട്രഷറി തലശ്ശേരി ((കണ്ണൂർ ജില്ല) | Rc1/136/2019 (3406294/2019/LSGD/OS) | നഗരകാര്യ ഡയറക്ടറേറ്റ് |
| 10 | സബ് ട്രഷറി തിരുവല്ല (പത്തനംതിട്ട ജില്ല) | G3/14617/2019 DT.19.9.2019 | നഗരകാര്യ ഡയറക്ടറേറ്റ് |
| 11 | സബ് ട്രഷറി, വണ്ടൂർ (മലപ്പുറം ജില്ല) | Rc1/157/2019 | ഗ്രാമ വികസന കമ്മിഷണറേറ്റ് |
| 12 | സബ് ട്രഷറി, വളാഞ്ചേരി (മലപ്പുറം ജില്ല) | D3/1564/2019 from ADC Malappuram 18.10.2019 | ഗ്രാമ വികസന കമ്മിഷണറേറ്റ് |

**Minutes of the Meeting Held by the Hon'ble Minister (Finance) involving the Hon'ble Minister(LSGD) to review the status and to expedite Action on the Land Transfer Proposals for Treasuries Pending in LSGD, on 28/11/2019 at 7.00 pm.**

Chairing the meeting, the Hon'ble Minister welcomed the Hon'ble Minister (LSGD) and other attendees to the meeting. Hon'ble Minister attested the criticality of the availability of satisfactory physical infrastructure in treasuries for the optimum level of performance and output from IFMS and also for getting the Department certified in ISO 27001. The Hon'ble Minister (LSGD) promised all the co-operation and support from LSGD Department to Treasury Department in getting the land for the construction of treasuries. The Additional Chief Secretary (LSGD) pointed out that if he was supplied with the details of pending proposals in LSGD, he would ensure that such proposals were cleared within a minimum time frame.

After detailed discussion, the meeting took the following decisions:

The Director of Treasuries will furnish the details of pending proposals in LSGD for the land transfer for the construction of treasuries to the Additional Chief Secretary (LSGD) and the Directors of Panchayats, Urban Affairs and Rural Development. They, in turn, will take steps for timely taking decisions on such proposals with due consideration in view of the facts discussed and decided in the meeting. The meeting entrusted the Director of Treasuries for the further follow up in the matter.

The meeting came to a close at 7.30 PM

List of Participants

(1) Additional Chief Secretary(Finance)
(2) Additional Chief Secretary(LSGD)
(3) Director of Panchayats
(4) Director of Urban Affairs
(5) Director of Rural Development
(6) Director of Treasuries

File No.TRY/13619/2019-A(TIDP) II

(77)

150 YEARS OF CELEBRATING THE MAHATMA

ഭരണഭാഷ - മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 07/04/2021

നം. TRY/13619/2019-A(TIDP) II

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

അഡിഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ (എസ്റ്റാ.സി) വകുപ്പ്

സർ,

വിഷയം: മലപ്പുറം ജില്ലയിലെ വളാഞ്ചേരി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നത്-സംബന്ധിച്ച്.

സൂചന : 1. ധനകാര്യ (എസ്റ്റാ.സി) വകുപ്പിൽ നിന്നുള്ള 19.03.2021 ലെ 1728858/എസ്റ്റാ.സി.3/24/2021-ധന. നമ്പർ കത്ത്

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. വളാഞ്ചേരി സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ 10 സെന്റ് സ്ഥലം അനുവദിക്കുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനമെടുത്തിരുന്നതും ആയതിലേക്കുള്ള പ്രൊപ്പോസൽ മലപ്പുറം ADC മുഖേന ഗ്രാമ വികസന കമ്മിഷണറേറ്റിലേക്ക് അയച്ചിട്ടുള്ളതുമാണ്. ഗ്രാമ വികസന കമ്മിഷണറേറ്റിൽ അന്വേഷിച്ചപ്പോൾ 13.03.2020-ന് പ്രസ്തുത പ്രൊപ്പോസൽ തുടർ നടപടികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് അയച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ ഓഫീസിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിൽ അന്വേഷിച്ചപ്പോൾ പ്രസ്തുത പ്രൊപ്പോസലിൻമേൽ പുരോഗതിയൊന്നും തന്നെ ഉണ്ടായതായി അറിയാൻ കഴിഞ്ഞിട്ടില്ല.

മേൽ സാഹചര്യത്തിലാണ് വളാഞ്ചേരി സബ് ട്രഷറി ഓഫീസർ പ്രസ്തുത വിഷയം സ്ഥലവാസി കൂടിയായ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുന്നതിനായി കത്തയച്ചിട്ടുള്ളത്. ആയതിനാൽ നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുള്ള പ്രസ്തുത പ്രൊപ്പോസലിൽ അനുകൂലമായ തീരുമാനമുണ്ടാകുന്നതിന് ഭാഗത്തുനിന്നും ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

DESPATCHED
ON 9/4/2021

A M JAFAR
DIRECTOR

Directorate of Treasuries, Krishna buildings, Thycaud P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email keralatreasury@gmail.com
Ph 0471-2323963,2322712 , FAX 0471-2324229